# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ദേശീയ വ്യവഹാര നയം</u>

4670 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനത്ത് 'ദേശീയ വ്യവഹാര നയം' നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; ഉണ്ടായിട്ടുണ്ടെങ്കിൽ എത്ര രൂപയാണ് ഈയിനത്തിൽ നഷ്ടപ്പെട്ടിട്ടുളളത്;

(ബി) മുൻ സർക്കാരിൽ നിന്ന് വ്യത്യസ്തമായി വ്യവഹാര നയത്തെ സംബന്ധിച്ച് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വ്യവഹാര നയം നടപ്പാക്കുന്നതുകൊണ്ട് ജനങ്ങൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ഉണ്ടാകുന്നത്;

(ഡി) 'ദേശീയ വ്യവഹാര നയം' കേരളത്തിൽ നടപ്പാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഉദ്യോഗസ്ഥതലത്തിലെ വീഴ്ച കാരണമാണോ; വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>സിയാൽ ഹഡ്കോ തർക്ക പരിഹാരം</u>

4671 ശ്രീ. ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിയാലും, ഹഡ്കോയും തമ്മിൽ തർക്കങ്ങൾ ഉണ്ടായിരുന്നോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) തർക്കങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കുമോ;

(സി) തർക്കങ്ങൾ എങ്ങനെയാണ് പരിഹരിച്ചതെന്ന് വെളിപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

ഇസ്ലാമിക ബാങ്കിംഗ്

4672 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇസ്ലാമിക ബാങ്കിംഗ് സ്ഥാപനമായ അൽ-ബരാക്ക് കേരളത്തിൽ എപ്പോഴാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഇതുവരെയുണ്ടായ പുരോഗതി എന്താണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ബാങ്കുകൾ വഴി ശമ്പളവിതരണം

4673 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായോ;

(ബി) ജീവനക്കാരുടെ ശമ്പളവിതരണം ബാങ്കുകൾ വഴി ആക്കുന്നതുമൂലം സംസ്ഥാനത്തെ ട്രഷറി ഡെപ്പോസിറ്റുകളിൽ കുറവുണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ട്രഷറി ഡെപ്പോസിറ്റിൽ ഉണ്ടാകുന്ന കുറവ് സംസ്ഥാനത്തെ വികസന പദ്ധതികളെ ഏതെങ്കിലും തരത്തിൽ ബാധിക്കുമെന്ന് കരുതുന്നുണ്ടോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>എസ്.സി.ഐ.പിയുടെ പ്രവർത്തനം</u>

T4674 ശ്രീ. വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബൗദ്ധികസ്വത്തവകാശ സംരക്ഷണത്തിനായി 2008-ൽ രൂപീകരിച്ച കൗൺസിൽ ഓൺ ഇന്റലക്ചൽ പ്രോപ്പർട്ടി ഇതേവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജി.ഒ(എം.എസ്) നമ്പർ 127/2008/ലോ പ്രകാരം ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഓഫീസ് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എസ്.സി.ഐ.പി (Supervisory Committee for Intellectual Property)യുടെ പ്രവർത്തന വിഭാഗത്തിന് ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പേറ്റന്റ് സെല്ലിലെ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തുവാൻ തീരുമാനമായിട്ടുണ്ടോ;

(ഡി) എങ്കിൽ 13803/നോഡൽ-1/08/ലോ, തീയതി 27.11.2008 നമ്പർ കത്ത് പ്രകാരം എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പാമോലിൻ ഇറക്കുമതി ഇടപാടിൽ ഉണ്ടായ നഷ്ടം</u>

4675 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമോലിൻ ഇറക്കുമതി ഇടപാടിൽ അന്നത്തെ ധനമന്ത്രി എൻ. റ്റി. സി. യുടെ ഇറക്കുമതി റേറ്റിനെ അവഗണിച്ച് കൂടുതൽ തുകയ്ക്കാണോ ഇറക്കുമതിക്ക് അനുമതി നൽകിയത്; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതുമൂലം വന്നുചേർന്ന നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

എം. എൽ. എ. ഫണ്ടുപയോഗിച്ച് കമ്പ്യൂട്ടർ നല്കുന്ന പദ്ധതി

4676 ശ്രീ. പി. കെ. ബഷീർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. ഫണ്ടുപയോഗിച്ച് സ്കൂളുകൾക്ക് കമ്പ്യൂട്ടർ നല്കുന്ന പദ്ധതി പ്രകാരം കമ്പ്യൂട്ടർ വിതരണം ചെയ്യാൻ റേറ്റ് കോൺട്രാക്ട് നല്കിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാം ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ കമ്പ്യൂട്ടർ നിർമ്മിക്കുന്നുണ്ടോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നല്കുന്ന കമ്പ്യൂട്ടറുകൾ ഗുണനിലവാരം കുറഞ്ഞതാണെന്നും പെട്ടെന്ന് പ്രവർത്തനരഹിതമാവുന്നു എന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഗുണനിലവാരമുള്ള കമ്പനികളുടെ കമ്പ്യൂട്ടറുകൾ മാത്രം പ്രസ്തുത പദ്ധതി പ്രകാരം വിതരണം ചെയ്യാനും വിതരണം നടത്തിയവയിൽ പ്രവർത്തനരഹിതമായവ ഏജൻസിയുടെ ചെലവിൽ അടിയന്തിരമായി മാറ്റി നല്കാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

ആംവേ നറ്റ്

4677 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആംവേ യുടെ നെറ്റ് വർക്ക് മാർക്കറ്റിംഗിന് കേരളത്തിൽ നിയമം മൂലം അനുമതി നൽകിയിട്ടുണ്ടോ ;

(ബി) നിയമാനുസൃതമായ എല്ലാ ലൈസൻസികളും ആംവേ യ്ക്ക് ബാധകമാക്കിയിട്ടുണ്ടോ ;

(സി) ആംവേ നടത്തിവരുന്ന മാർക്കറ്റിംഗിലൂടെ ഏതെല്ലാം ഇനങ്ങളിലാണ് സർക്കാരിന് നികുതി ലഭിക്കുന്നത് ;

(ഡി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഇപ്രകാരം കേരളത്തിന്റെ ഖജനാവിലേക്ക് എത്ര രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാന ജീവനക്കാരുടെ ക്ഷാമബത്ത</u>

4678 ശ്രീ.കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഡി. എ. സംസ്ഥാനത്ത് ഉടനെ നടപ്പിലാക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കേന്ദ്രസർക്കാർ ജീവനക്കാർക്കായി ക്ഷാമബത്ത വർദ്ധനവ് പ്രഖ്യാപിച്ചതിനുശേഷം എത്ര നാൾക്കകം സംസ്ഥാനത്തും ക്ഷാമബത്ത വർദ്ധനവ് പ്രഖ്യാപിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

അനോമിലി സെല്ലിന്റെ പ്രവര്‍ത്തനം

4679 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ സര്‍ക്കാരിന്റെ കാലത്ത് നടപ്പാക്കിയ ശമ്പള പരിഷ്കരണത്തിലെ അപാകതകള്‍ പരിഹരിക്കാന്‍ ഏര്‍പ്പെടുത്തിയ അനോമലി സെല്ലില്‍ ഇതുവരെ എത്ര അനോമലികള്‍ പരിഹരിച്ചു; പ്രസ്തുത സെല്ല് വിപുലമാക്കാന്‍ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) മെഡിക്കല്‍ എഡ്യുക്കേഷന്‍ വകുപ്പിലെ സ്റ്റോര്‍ സൂപ്രണ്ടിന്റെ ശമ്പളത്തിലെ അനോമലി പരിഹരിച്ചോ; പരിഹരിച്ചെങ്കില്‍ ഉത്തരവ് നമ്പര്‍ എത്ര; ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ശമ്പളപരിഷ്കരണവും ആനുകൂല്യങ്ങളും</u>

4680 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റ് സർക്കാർജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിൽ നിലവിൽ ഉണ്ടായിരുന്നതിനേക്കാൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് പുതുതായി നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പുതുതായി അനുവദിച്ച ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) ജീവനക്കാർക്ക് ശമ്പളപരിഷ്കരണ ഉത്തരവിലൂടെ അനുവദിച്ച എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>ടെർമിനൽ സറണ്ടർ</u>

4681 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരന് നൽകുന്ന ടെർമിനൽ സറണ്ടർ റിട്ടയർമെന്റ് ആനുകൂല്യമാണോ യെന്ന് വ്യക്തമാക്കാമോ;

(ബി) സർവ്വീസിൽ നിന്നും വിരമിച്ചശേഷം മുൻകാല പ്രാബല്യത്തിൽ സ്ഥാനക്കയറ്റം ലഭിച്ചാൽ റിട്ടയർമെന്റ് ആനുകൂല്യമെന്ന നിലയിൽ ടെർമിനൽ സറണ്ടറിന് കുടിശ്ശിക നൽകുന്നതിന് നിയമതടസ്സമുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏത് ചട്ടമനുസരിച്ചാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

എം. ഐ. ജി. വായ്പ എഴുതിത്തള്ളുന്ന നടപടി

4682 ശ്രീ. ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഡിൽ ഇൻകം ഗ്രൂപ്പ് പദ്ധതി പ്രകാരം ഭവനവായ്പയായി ഒരു ലക്ഷം രൂപ എടുത്ത് കുടിശ്ശിക വരുത്തിയാൽ ഇരട്ടിയിലധികം അടയ്ക്കേണ്ടിവരുമോ ;

(ബി) വായ്പാ കുടിശ്ശിക ഇരട്ടിയിലധികം അടയ്ക്കേണ്ടതില്ല എന്ന ഉത്തരവ് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ബാധകമാണോ ;

(സി) ഹൗസിംഗ് ബോർഡിന്റെ പത്തനാപുരം ബ്രാഞ്ചിൽ നിന്നും ഒരു ലക്ഷം രൂപ വായ്പയെടുത്ത ശ്രീ. രാജു, രാജുഭവനം, ആനക്കോട്ടൂർ പി. ഒ., കൊട്ടാരക്കര എന്ന ആൾ എം.ഐ.ജി. പദ്ധതി പ്രകാരം വായ്പയെടുത്ത ശേഷം ബ്രെയിൻ ട്യൂമർ വന്ന് മരണപ്പെട്ടിട്ടുള്ളതും ടിയാന്റെ വിധവ ശ്രീമതി കെ. ശ്രീദേവിയോട് റിക്കവറിയായി 3,80,000 രൂപ അടയ്ക്കാൻ ഹൗസിംഗ് ബോർഡ് റിക്കവറി സെക്ഷൻ ആവശ്യപ്പെട്ടിട്ടുള്ളതും ആയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എം.ഐ.ജി പദ്ധതി പ്രകാരം വായ്പയെടുത്ത ആൾ മരണപ്പെട്ടാൽ വായ്പയും കുടിശ്ശികയും എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ഭവന നിർമ്മാണ വായ്പ</u>

4683 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഭവന നിർമ്മാണ വായ്പ എടുത്ത താഴ്ന്നവരുമാനക്കാരുടെ കുടിശ്ശിക എഴുതിത്തളളുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>വിൽപ്പന നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി</u>

4684 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 30.04.2011 വരെ വില്പന നികുതി ഇനത്തിൽ കുടിശ്ശികയായി പിരിഞ്ഞ് കിട്ടാനുള്ള തുക എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) വില്പന നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) വലിയ തോതിൽ വില്പന നികുതി കുടിശ്ശിക വരുത്തുന്നത് ഏത് മേഖലയിലുള്ള വിൽപനശാലകളാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

വാണിജ്യ നികുതി ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിന് നടപടി

4685 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ചെക്കുകൾ യഥാസമയം ബാങ്കുകളിൽ നിന്നും മാറിയെടുക്കുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുമോ;

(സി) വാണിജ്യ നികുതി ഓഫീസുകൾ കലക്ടറേറ്റുകളുമായി യോജിച്ച് കൂടുതൽ കാര്യക്ഷമതയുളളതാക്കുമോ;

(ഡി) ഓഫീസുകളിലും ചെക്കുപോസ്റ്റുകളിലും മിന്നൽ പരിശോധനാ നടപടി ഊർജിതമാക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>അഴിമതിരഹിത വാളയാർ ചെക്ക് പോസ്റ്റ്</u>

4686 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വാളയാർ ചെക്ക്പോസ്റ്റിൽ നടത്തിയ പരിഷ്ക്കാരങ്ങളുടെ ഫലമായി ചെക്ക്പോസ്റ്റിലെ നികുതി പിരിവിൽ പുരോഗതിയുണ്ടായിട്ടുണ്ടോ ;

(ബി) അഴിമതി രഹിത വാളയാർ ചെക്ക്പോസ്റ്റ് എന്ന് പ്രശംസിക്കപ്പെട്ട വാളയാർ ചെക്ക് പോസ്റ്റിൽ ഇപ്പോൾ അഴിമതിയാണ് എന്ന് വ്യാപകമായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതികൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

ഇറച്ചിക്കോഴിക്ക് നികുതി

4687 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന ഇറച്ചിക്കോഴികൾക്ക് എത്ര ശതമാനം നികുതിയാണ് ഈടാക്കുന്നത് ;

(ബി) മാഹിയിൽ ഇറച്ചിക്കോഴികൾക്ക് നികുതി ഈടാക്കാത്തതിനാൽ, അവിടെ ഇറച്ചിക്കോഴികളെ ഇറക്കിയശേഷം കേരളത്തിലേക്ക് നികുതി അടയ്ക്കാതെ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുവഴിയുണ്ടാകുന്ന നികുതി ചോർച്ച തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ; വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ടാക്സ് വെട്ടിപ്പ്</u>

4688 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സെയിൽ ടാക്സ് ജീവനക്കാരെ അപായപ്പെടുത്താൻ ടാക്സ് തട്ടിപ്പ് മാഫിയകൾ നടത്തിയ ഹീന പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ലയിലെ അനധികൃത വഴികളിലൂടെ ടാക്സ് വെട്ടിപ്പ് നടത്തുന്ന കേഴിക്കച്ചവടക്കാരെയും ടാക്സ് വെട്ടിപ്പുകാരെയും പിടിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>വാണിജ്യനികുതി വകുപ്പിലെ ലാസ്റ്റ്ഗ്രേഡ് ജീവനാക്കാരുടെ പ്രമോഷന്‍</u>

4689 ശ്രീ. എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിവിധ വകുപ്പുകളിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാര്‍ക്ക് ലഭിക്കുന്ന 15% വരെ റേഷ്യോ പ്രമോഷന്‍വാണിജ്യനികുതി വകുപ്പില്‍ ലഭിക്കാതിരിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) വാണിജ്യനികുതി വകുപ്പിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ പ്രമോഷന്‍ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികള്‍ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>സെയിൽ ടാക്സ് രേഖകൾ കടത്തിക്കൊണ്ടുപോയവർക്കെതിരെ നടപടികൾ</u>

4690 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ കോഴികള്ളക്കടത്തുകാരുടെ പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവരെ അമർച്ച ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇവിടെ സെയിൽ ടാക്സ് ഓഫീസ് കേന്ദ്രീകരിച്ച് കള്ളക്കടത്തുകാർ സെയിൽ ടാക്സ് രേഖകൾ കടത്തിക്കൊണ്ടുപോയ സാഹചര്യത്തിൽ ഇത്തരം പ്രവൃത്തികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കാർഷികോല്പന്നങ്ങളുടെ വില്പനനികുതിയും പർച്ചേസ് ടാക്സും</u>

T4691 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളുടെ വില്പന നികുതിയും പർച്ചേസ് ടാക്സും എത്ര വീതമാണെന്നു വ്യക്തമാക്കാമോ ;

(ബി) ഇവ ഇപ്പോഴത്തെ നിരക്കിൽ നിന്നും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണം

4692 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിയിൽ 'ഇൻകെലിനെ' ഏൽപ്പിച്ച 'ട്രഷറി കെട്ടിട'ത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ട്രഷറിയുടെ നിർമ്മാണം ആരംഭിക്കുവാൻ തടസ്സമെന്താണ് ;

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

താന്ന്യം ഗ്രാമപഞ്ചായത്തിന്റെ ട്രഷറി ഇടപാടുകൾ

4693 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ താന്ന്യം ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിന്ന് ഒരു കിലോമീറ്റർ മാത്രം ദൂരത്തിൽ തൃപ്രയാർ സബ്ട്രഷറി ഉള്ളപ്പോൾ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ ട്രഷറി ഇടപാടുകൾ 25 കിലോമീറ്റർ അകലെയുള്ള തൃശ്ശൂർ സബ്ട്രഷറി യിലേക്ക് ആക്കിയതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) താന്ന്യം ഗ്രാമപഞ്ചായത്തിന്റെ ട്രഷറി ഇടപാടുകൾ തൃപ്രയാർ സബ്ട്രഷറിയിലേക്ക് മാറ്റുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ താന്ന്യം ഗ്രാമപഞ്ചായത്തിന്റെ ട്രഷറി ഇടപാടുകൾ അടിയന്തിരമായി തൃപ്രയാർ സബ്ട്രഷറിയിലേക്ക് മാറ്റുന്നതി നുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ശ്രീ. റ്റി. പി. കുമാരന്റെ പെൻഷൻ ആനുകൂല്യങ്ങൾ

4694 ശ്രീ. പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ട്രഷറിയിലെ ജൂനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീ. റ്റി.പി. കുമാരന്റെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>കാരുണ്യ ഭാഗ്യക്കുറി</u>

4695 ശ്രീ. ബെന്നി ബെഹനാന്‍
,, വര്‍ക്കല കഹാര്‍
,, ഷാഫി പറമ്പില്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാരുണ്യ ഭാഗ്യക്കുറിയുടെ സവിശേഷതകള്‍ എന്തെല്ലാം;

(ബി) പ്രസ്തുത ഭാഗ്യക്കുറിയില്‍ നിന്നും ലഭിക്കുന്ന വരുമാനം ഏതെല്ലാം വിഭാഗങ്ങളുടെ സഹായത്തിനുവേണ്ടിയാണ് നീക്കിവച്ചിട്ടുള്ളത്;

(സി) ഇങ്ങനെയുള്ള ലോട്ടറികള്‍ കൂടുതല്‍ ആരംഭിക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ലോട്ടറിത്തൊഴിലാളികൾക്ക് ഉത്സവബത്ത</u>

4696 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഓണക്കാലത്ത് എത്ര ലോട്ടറിത്തൊഴിലാളികളാണ് ഉത്സവ ബത്തയ്ക്ക് അർഹരായത് ;

(ബി) ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ ;

(സി) എത്ര രൂപയാണ് ഉത്സവബത്ത ഇനത്തിൽ ചെലവായത് ;

(ഡി) ഉത്സവബത്ത ലഭിക്കുവാനുള്ള മാനദണ്ഡം എന്താണ് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

കെ. എസ്. എഫ്. ഇ. യുടെ വിദ്യാഭ്യാസ വായ്പ

4697 ശ്രീ. പാലോട് രവി
,, പി. എ. മാധവന്‍
,, എം. പി. വിന്‍സെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ. എസ്. എഫ്. ഇ. ദുര്‍ബല വിഭാഗങ്ങള്‍ക്ക് വേണ്ടി വിദ്യാഭ്യാസ വായ്പ തുടങ്ങുവാന്‍ പദ്ധതിയിട്ടിട്ടുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(ബി) വായ്പയുടെ തിരിച്ചടവിനെക്കുറിച്ച് വിശദമാക്കുമോ;

(സി) എത്ര വിദ്യാര്‍ത്ഥികള്‍ക്ക് വായ്പ നല്‍കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) വായ്പയ്ക്ക് സബ്സിഡി നല്‍കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) വായ്പ ലഭിക്കുന്നതിനുള്ള ജാമ്യ വ്യവസ്ഥകള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ വായ്പാ ഗ്യാരന്റി</u>

4698 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ ഏതെല്ലാം തരത്തിലുള്ള വായ്പകളാണ് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്ക് കുറഞ്ഞ നിരക്കിൽ പലിശ ഈടാക്കിക്കൊണ്ട് വായ്പ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) വായ്പക്ക് വാങ്ങുന്ന ഗ്യാരന്റി ലഘുകരിക്കുന്ന കാര്യം പരിശോധിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ. യിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ പ്രമോഷൻ

4699 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിലെ താഴ്ന്ന വിഭാഗം പ്യൂൺ ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിനുള്ള അനുപാതം നിലവിലുള്ള 5 ശതമാനത്തിൽ നിന്നും 10 ശതമാനമായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ശുപാർശ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) സർക്കാർ വകുപ്പുകളിലെ താഴ്ന്നവിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ 10 ശതമാനമാക്കി ഉയർത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) സർക്കാർ വകുപ്പുകളിൽ താഴ്ന്നവിഭാഗം ജീവനക്കാർക്കു വേണ്ട് ഉത്തരവ് ഇറക്കിയ തീയതി മുതൽ കെ.എസ്.എഫ്.ഇ. യിലെ താഴ്ന്നവിഭാഗം ജീവനക്കാർക്കു കൂടി പ്രാബല്യം കിട്ടത്തക്ക രീതിയിൽ 10% പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് ഇറക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ. താഴ്ന്ന വിഭാഗം ജീവനക്കാരുടെ
പ്രൊമോഷൻ - പെൻഷൻ

4700 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2000 ജനുവരി മുതൽ 2011 സെപ്തംബർ വരെ കെ.എസ്.എഫ്.ഇ. യിൽ ജൂനിയർ അസിസ്റ്റന്റ് മാരുടെ എത്ര ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത കാലയളവിൽ എത്ര താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റ് ആയി പ്രോമോഷൻ നൽകിയിട്ടുണ്ട് ;

(സി) കെ.എസ്.എഫ്.ഇ. യിൽ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റ് ആയി പ്രൊമോഷൻ നല്കുന്നതിന് പി.എസ്.സി. പരീക്ഷ നടത്തിയിട്ടുണ്ടോ ; ആയതിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിനു കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) 2010-11 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇ. യുടെ ലാഭം എത്രയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കെ. എസ്. എഫ്. ഇ. ജീവനക്കാർക്ക് പെൻഷൻ</u>

4701 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഇ. ജീവനക്കാർക്ക് പെൻഷൻ പദ്ധതി നിലവിലുണ്ടോ ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതുപോലെ കെ. എസ്. എഫ്. ഇ. ജീവനക്കാർക്കും പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം</u>

4702 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുജനങ്ങൾക്ക് ലൈഫ് ഇൻഷുറൻസ് പോളിസികൾ ഇഷ്യൂ ചെയ്യാറുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഉണ്ടെങ്കിൽ ആയതിന് കൂടുതൽ പ്രചാരണം നടത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം

4703 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റിന്റെ ശുപാർശ നടപ്പിലാക്കുന്നതു വഴി ഇൻഷ്വറൻസ് വകുപ്പിനുണ്ടാകുന്ന പ്രതിവർഷ അധിക ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവഴി പ്രതീക്ഷിക്കുന്ന പ്രതിവർഷ അധിക വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർവത്കരണം

4704 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർ വത്കരണവുമായി ബന്ധപ്പെട്ട് സോഫ്റ്റ് വെയർ തയ്യാറാക്കുന്ന ജോലി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജോലിയിൽ കാലതാമസം വന്നിട്ടുണ്ടോ;

(സി) സോഫ്റ്റ് വെയർ ഡവലപ്പ്മെന്റ് എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>കെ. എ ഫി. സി. യിലെ നിയമനങ്ങൾ</u>

4705 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1987 മുതൽ 2011 വരെ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്ന് ജനറൽ വിഭാഗത്തിൽ എത്രപേർ വിരമിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) 1987 മുതൽ 2011 വരെ കേരള ഫിനാൻഷ്യൽ കോർപ്പറേഷനുകളിൽ അസിസ്റ്റന്റിന്റെ എത്ര ഒഴിവുകൾ ഉണ്ടായി; എത്രപേരെ പ്രസ്തുത ഒഴിവുകളിൽ നിയമിച്ചു;

(സി) അസിസ്റ്റന്റ് മുതൽ താഴോട്ടുള്ള ഒഴിവുകൾ പി.എസ്. സി.ക്ക് റിപ്പോർട്ടുചെയ്ത്, ഒഴിവുകൾ നികത്താറുണ്ടോ;

(ഡി) 10 മുതൽ 15 വർഷം വരെ കെ.എഫ്.സി.യിൽ സ്വീപ്പർ ജോലി ചെയ്യുന്ന താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടി മുനിസിഫ് കോടതിയിൽ</u>

4706 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മുൻസിഫ് കോടതിയിൽ സ്റ്റാമ്പ് വെണ്ടർ അനുവദിച്ചു കിട്ടുന്നതിനുള്ള ചാലക്കുടി ബാർ അസ്സോസിയേഷന്റെ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അനുവദിച്ച് നൽകുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>നിക്ഷേപകർ വഞ്ചിക്കപ്പെടാതിരിക്കാൻ നടപടി</u>

4707 ശ്രീ. ബെന്നി ബെഹനാൻ
,, വി. റ്റി. ബൽറാം
,, ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളിൽ നിന്നും നിക്ഷേപം വാങ്ങുന്ന വ്യക്തികളും സ്ഥാപനങ്ങളും പണവുമായി മുങ്ങുന്നതിനെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(സി) നിക്ഷേപകർ വഞ്ചിക്കപ്പെടാതിരിക്കാൻ ഇത്തരം വ്യക്തികളെയും ധനകാര്യസ്ഥാപനങ്ങളെയും നിയന്ത്രിക്കാൻ സമഗ്ര നിയമം കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മനുഷ്യാവകാശ സംരക്ഷണ ഗവേഷണ പദ്ധതി</u>

4708 ശ്രീ.റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി, മനുഷ്യാവകാശ സംരക്ഷണ വിഷയമായിട്ടുള്ള ഏതെങ്കിലും ഗവേഷണ പദ്ധതി ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെയാണെന്നും, ഗവേഷണഫലം എന്തൊക്കെയാണെന്നതും സംബന്ധിച്ച വിശദവിവരം നല്കാമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

വനിത - ബാലക്ഷേമ ബിൽ

4709 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ സമിതി വനിത-ബാലക്ഷേമ ബില്ലുമായി ബന്ധപ്പെട്ട ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രധാന ശുപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) സമിതിയുടെ ശുപാർശകളിൽ ഉണ്ടായിട്ടുള്ള പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ബിൽ നിയമമാകുമ്പോൾ ഇവ കണക്കിലെടുത്തുകൊണ്ടുള്ള പരിഷ്ക്കാരങ്ങൾ വരുത്താൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ഭവന നിർമ്മാണ രംഗത്ത് പുതിയ പദ്ധതികൾ

4710 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ രംഗത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളും നിർദ്ദേശങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഏതൊക്കെ ഏജൻസികളിൽ നിന്ന് പണം സ്വരൂപിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>പുതിയ ഭവനനിർമ്മാണ പദ്ധതികൾ</u>

4711 ശ്രീ. എം.പി. വിൻസെന്റ്
,, റ്റി.എൻ. പ്രതാപൻ
,, വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭവനരഹിതർക്കായി പുതിയ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുമോ;

(ബി) ഹൗസിംഗ് ബോർഡിൽ നിന്ന് വായ്പയെടുത്തിട്ടുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുളളവർക്ക് പലിശ ഇളവു ചെയ്യുന്നതിന് നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) നിലവിൽ ഭവനനിർമ്മാണ ബോർഡിന് അടയ്ക്കുവാനുള്ള കുടിശ്ശികയുടെ തവണകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഹൗസിംഗ് ബോർഡിന്റെ ഭവനപദ്ധതികൾ കൂടുതൽ ജനോപകാരപ്രദമായ രീതിയിൽ പുന:സംഘടിപ്പിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ഹൗസിംഗ് റിസ്ക് ഫണ്ട്

4712 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വർക്ക് ഭവന നിർമ്മാണ വായ്പ നൽകാൻ ബാങ്കുകൾ വിമുഖത കാണുക്കുന്ന സാഹചര്യങ്ങളിൽ സർക്കാർ ജാമ്യക്കാരനായി നിൽക്കുന്ന ഹൗസിംഗ് റിസ്ക് ഫണ്ട് എന്ന പുതിയ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) ഭവന നിർമ്മാണ വായ്പകൾക്ക് ജാമ്യം പോലും നൽകാൻ വസ്തുക്കളില്ലാത്ത പാവപ്പെട്ടവർക്ക് ആശ്വാസമേകുന്ന പുതിയ ഭവന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>ഹൗസിംഗ് ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ</u>

4713 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ രേഖയ്ക്കു താഴെയുളളവർക്ക് ഹൗസിംഗ് ബോർഡ് ഇപ്പോൾ വീട് വച്ച് നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി ഏതെല്ലാം പദ്ധതികളാണ് ബോർഡ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പാർപ്പിട മേഖലയിലെ ആവശ്യകത കണക്കിലെടുത്ത് പുതിയ പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ?

## കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>നിര്‍മ്മിതി കേന്ദ്രത്തിന്റെ പ്രവര്‍ത്തനം</u>

4714 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന നിര്‍മ്മിതി കേന്ദ്രത്തിന്റെ പ്രവര്‍ത്തനം എന്താണെന്ന് വിശദമാക്കാമോ;

(ബി) 2011-12 വര്‍ഷത്തെ ബഡ്ജറ്റില്‍ സംസ്ഥാന നിര്‍മ്മിതി കേന്ദ്രത്തിന് എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഏതൊക്കെ പ്രവര്‍ത്തനങ്ങള്‍ക്കാണ് ഈ തുക ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തുക ഉപയോഗിച്ചുള്ള പ്രവര്‍ത്തനങ്ങള്‍ എല്ലാ ജില്ലകളിലും നടക്കുന്നുണ്ടോ; എങ്കില്‍ ഓരോ ജില്ലക്കും അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) ജില്ലാ നിര്‍മ്മിതി കേന്ദ്രങ്ങള്‍ക്ക് കീഴില്‍ ചെറുകിട വ്യവസായ യൂണിറ്റുകള്‍ തുടങ്ങുന്ന കാര്യം വിഷയം പരിഗണനയിലുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ അറയിക്കാമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

ഭവനരഹിതരുടെ എണ്ണം

4715 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ ഉപയോഗശൂന്യമായി കിടക്കുന്നത് ഭൂമി ഉപയോഗപ്രദമാക്കി, നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

(ബി) ഭവനരഹിതരുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ച് എത്രയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കലവറകളുടെ പ്രവർത്തനം</u>

4716 ശ്രീ.കെ. അച്ചുതൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ സാമഗ്രികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) കലവറകളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്ത് പുതിയ കലവറകൾ ആരംഭിക്കുമോ ;

(ഡി) മണൽ ശുദ്ധീകരിച്ച് കലവറകൾവഴി വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കുമോ ;

(ഇ) ഭവന നിർമ്മാണ സാമഗ്രികൾ പൊതുവിപണിയിലെ വിലയെക്കാൾ കുറഞ്ഞവിലയ്ക്ക് ആവശ്യക്കാർക്ക് നൽകാൻ നടപടി എടുക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

വര്‍ക്കിംഗ് വിമന്‍സ് ഹോസ്റ്റലുകള്‍

4717 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഭവനനിര്‍മ്മാണ ബോര്‍ഡിന്റെ കീഴില്‍ എത്ര വര്‍ക്കിംഗ് വിമന്‍സ് ഹോസ്റ്റലുകള്‍ നിലവിലുണ്ടെന്നും, അവ ഏതെല്ലാമെന്നും അറിയിക്കാമോ;

(ബി) വര്‍ക്കിംഗ് വിമന്‍സ് ഹോസ്റ്റലുകളുടെ പരിമിതികള്‍ പരിഹരിക്കുന്നതിനും കൂടുതല്‍ ഹോസ്റ്റലുകള്‍ നിര്‍മ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കര്‍ളാട് കോളനിയിലെ വീടുപണി</u>

4718 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജകമണ്ഡലത്തിലെ കര്‍ളാട് കോളനിയില്‍ ഹൗസിംഗ് ബോര്‍ഡ് നിര്‍മ്മിക്കുന്ന വീടുകളുടെ പ്രവര്‍ത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദമാക്കുമോ;

(ബി) പ്രസ്തുത ഭവനനിര്‍മ്മാണ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഭവനങ്ങളുടെ നിര്‍മ്മാണത്തിനായി ഇതുവരെ എന്ത് തുക വിനിയോഗിച്ചെന്ന് വ്യക്തമാക്കുമോ; ഇത് മൊത്തം തുകയുടെ എത്ര ശതമാനമെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഭവനനിര്‍മ്മാണത്തിലുണ്ടായ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജന്‍,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബര്‍ 11.

'T' ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.